# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.331 — 30.11.2015 ന് മറുപടിയ്ക്ക്.

**കടുവാ സങ്കേതങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് രണ്ട് കടുവാ സങ്കേതങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അവ പെരിയാർ കടുവാ സങ്കേതം, പറമ്പിക്കുളം കടുവാ സങ്കേതം എന്നിവയാണ്. |
| (ബി) വയനാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നതെന്നും ആയതിന്റെ അതിർത്തികൾ എവിടെവരെയാണെന്നും വിശദമാക്കാമോ; | (ബി) നിലവിൽ വയനാട്ടു ജില്ലയിൽ കടുവാ സങ്കേതങ്ങൾ ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. |
| (സി) വയനാട് ജില്ലയിൽ പുതിയ കടുവാ സങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) വയനാട് ജില്ലയിൽ പുതിയ കടുവാ സങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.